**പതിമൂന്നാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളി കളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**രണ്ടാമത് റിപ്പോർട്ട്**

**(20-10-2011 മുതൽ 31-3-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്)**

(2014 ഫെബ്രുവരി 6-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളി കളുടെയും ക്ഷേമം സംബന്ധിച്ച സമിതി

# (2011-2014)

രണ്ടാമത് റിപ്പോർട്ട്

(20-10-2011 മുതൽ 31-3-2013 വരെ പരിഗണിച്ച പരാതികൾ സംബന്ധിച്ച റിപ്പോർട്ട്)

(2014 ഫെബ്രുവരി 6-ാം തീയതി സമർപ്പിച്ചത്)

508/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. കെ. ദാസൻ

ശ്രീമതി ഗീതാ ഗോപി

ശ്രീ. എ. റ്റി. ജോർജ്

ശ്രീ. ഹൈബി ഈഡൻ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. റ്റി. എൻ. പ്രതാപൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതി (2011-14)-യുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രകൃതിയുടെ വരദാനങ്ങളിൽ കേരളം മറ്റു ഭാരതീയ സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ്. സുദീർഘമായ കടൽത്തീരവും വിശാലമായ നിരവധി ഉൾനാടൻ ജലാശയങ്ങളും കൈമുതലായുള്ള കേരളം മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിലും മത്സ്യസമ്പത്ത് പരിരക്ഷിക്കുന്നതിലും ഇനിയും ഏറെ മുന്നേറേണ്ടിയിരിക്കുന്നു. ജനങ്ങളുടെ ഭക്ഷണാവശ്യം നിറവേറ്റുന്നതിലും വിദേശനാണ്യം നേടിത്തരുന്നതിലും നിർണ്ണായകമായ പങ്കുവഹിക്കുന്ന നമ്മുടെ മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾ അനുദിനം വർദ്ധിച്ചുവരികയാണ്. സമ്പദ്ഘടനയുടെ പ്രാഥമിക ഉല്പാദനമേഖലയിൽ കഠിനാദ്ധ്വാനം ചെയ്യുകയും എന്നാൽ പ്രകൃതിക്ഷോഭങ്ങൾക്കും മറ്റു ദുരന്തങ്ങൾക്കും വിധേയരാകേണ്ടിവരികയും ചെയ്യുന്ന ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. പ്രകൃതിദുരന്തങ്ങൾ അവരെ മുഴുപ്പട്ടിണിയിലേക്ക് നയിക്കുന്ന സാഹചര്യങ്ങളും വിരളമല്ല. നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ സുപ്രധാന പങ്കുവഹിക്കുന്ന മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ ജീവിത/തൊഴിൽസുരക്ഷയും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് മത്സ്യമേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുംവേണ്ടി ദീർഘവീക്ഷണത്തോടുകൂടിയ ഒരു മത്സ്യനയം രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആവശ്യമായിത്തീർന്നിരിക്കുന്നു. സമൂഹത്തിൽ ഇനിയും മുഖ്യധാരയിലെത്തിയിട്ടില്ലാത്ത മത്സ്യത്തൊഴിലാളികളെ അവരുടെ ശോചനീയാവസ്ഥയിൽനിന്ന് ഉദ്ധരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എത്രമാത്രം ഫലപ്രാപ്തിയിലെത്തുന്നു എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ മത്സ്യത്തൊഴിലാളി മേഖലകൾ സമിതി സന്ദർശിക്കുകയും സമിതിക്കു ലഭിച്ച പരാതികളും നിവേദനങ്ങളും ആയതിന്മേൽ ലഭിച്ച ഗവൺമെന്റ് റിപ്പോർട്ടുകളും പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ജൂൺ 4-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡൊമിനിക് പ്രസന്റേഷൻ,

*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.

## റിപ്പോർട്ട്

കേരളം ഒരു തീരദേശ സംസ്ഥാനമാണ്. മത്സ്യവിഭവശേഷികൊണ്ട് അനുഗൃഹീതമാണ് കേരളത്തിന്റെ സമുദ്രതീരം. നമ്മുടെ സമ്പദ്‌വ്യവസ്ഥയിലും ഭക്ഷ്യസുരക്ഷയിലും മത്സ്യമേഖല ഗണ്യമായ പങ്കുവഹിക്കുന്നു. ആഭ്യന്തര വിപണിയിലായാലും കയറ്റുമതിയിലായാലും മത്സ്യത്തിന്റെയും മത്സ്യോത്പന്നങ്ങളുടെയും ആവശ്യകത വർദ്ധിച്ചുവരികയാണ്. രാജ്യാന്തര മത്സ്യ ഉത്പാദനത്തിന്റെ 20 മുതൽ 25 ശതമാനംവരെ കേരളത്തിന്റെ സംഭാവനയാണ്. നമ്മുടെ സമ്പദ്ഘടനയുടെ 3 ശതമാനം സംഭാവന ചെയ്യുന്നത് മത്സ്യമേഖലയാണ്.

2. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും ജനങ്ങളുടെ ഭക്ഷണാവശ്യത്തിനും ജീവിത സുരക്ഷിതത്വത്തിനുംവേണ്ടി മത്സ്യകൃഷി വികസിപ്പിക്കേണ്ടതും ഉത്പാദനം വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. മത്സ്യോത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന മേഖലയിലേക്ക് ആകർഷിക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും ഏറ്റവും കൂടുതൽ പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഉൾപ്പെടുന്ന സമൂഹം. മറ്റേതൊരു മേഖലയിലെ തൊഴിലാളികൾക്കും അഭിമുഖീകരിക്കേണ്ടതില്ലാത്ത ആപത് സാധ്യതയാണ് ആഴക്കടലിലും ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തുന്നവർ അഭിമുഖീകരിക്കുന്നത്. പരമ്പരാഗതമായി നേരിടേണ്ടിവരുന്ന ആപത്തുകൾക്കുപുറമേ സുനാമി, കാലാവസ്ഥാ വ്യതിയാനം, മാലിന്യപ്രശ്നങ്ങൾ, കടൽ കടന്നുവരുന്ന ഭീകരാക്രമണം എന്നിവയും പുതിയ വെല്ലുവിളികളാണ്.

3. തീരദേശവാസികളുടെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ് മത്സ്യബന്ധനം. സമുദ്രത്തിൽനിന്ന് പിടിക്കുന്ന മൊത്തം മത്സ്യത്തിൽ വിലകൂടിയതും കയറ്റുമതിയിനത്തിൽപ്പെട്ടതുമായ മത്സ്യങ്ങളുടെ അളവനുസരിച്ചാണ് മത്സ്യത്തൊഴിലാളികളുടെ വരുമാനം കണക്കാക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്രവികസനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൂടുതൽ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയുടെ മുഖ്യപങ്ക് വഹിക്കുന്ന മത്സ്യബന്ധന മേഖലയെ സംരക്ഷിക്കുന്നതിനും കഴിയുകയുള്ളൂ.

4. ഇന്ത്യയിലാദ്യമായി കേരളത്തിലാണ് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം ലക്ഷ്യമിട്ട് ഒരു നിയമസഭാ സമിതി രൂപീകരിച്ച് മാതൃക സൃഷ്ടിച്ചത്. പന്ത്രണ്ടാം കേരള നിയമസഭാ കാലയളവിൽ രൂപീകരിച്ച സമിതി (2010-11)-യുടെ ഒന്നാമത് റിപ്പോർട്ട് (മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതു സംബന്ധിച്ച്) 2011 ഫെബ്രുവരി 21-ാം തീയതി നിയമസഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ പത്തോളം ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ട് ഗവൺമെന്റിലേക്ക് അയയ്ക്കുകയും തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കി സമിതിയുടെ പരിഗണനയ്ക്കും തുടർചർച്ചകൾക്കുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. പതിമൂന്നാം കേരള നിയമസഭയുടെ 'മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14),' 2011 ഒക്ടോബർ 20-ാം തീയതി രൂപീകൃതമായി. തുടർന്ന് 1-11-2011 മുതൽ 31-3-2013 വരെ സമിതി 29 യോഗങ്ങൾ ചേർന്നു. 22-12-2011-ന് കരുനാഗപ്പള്ളി താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാൾ, 30-1-2012-ന് കൊച്ചി കോർപ്പറേഷൻ കൗൺസിൽ ഹാൾ, 29-11-2012-ന് നാട്ടിക ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ, 27-12-2012-ന് കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിൽ സമിതി സന്ദർശനങ്ങളോടനുബന്ധിച്ച് തെളിവെടുപ്പ് യോഗം ചേരുകയും ടി പ്രദേശങ്ങളിലെ സുനാമി പുനരധിവാസ കോളനി, മറ്റ് മത്സ്യത്തൊഴിലാളി കോളനികൾ, ഫിഷ് മാർക്കറ്റ്, ഫിഷറീസ് സ്കൂളുകൾ എന്നിവിടങ്ങളിൽ സമിതി സന്ദർശിക്കുകയും അവരുടെ പ്രശ്നങ്ങൾ നേരിൽക്കണ്ട് മനസ്സിലാക്കുകയും, തൊഴിലാളികൾ, സംഘടനകൾ എന്നിവരിൽനിന്നും പരാതികൾ/നിവേദനങ്ങൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ 2-10-2012 മുതൽ 14-10-2012 വരെ ആന്ധ്രാ പ്രദേശ്, ഒഡീഷ, ഉത്തർഖണ്ഡ്, ജമ്മു & കാശ്മീർ എന്നീ സംസ്ഥാനങ്ങളിലെ സഹോദര സമിതിയുടെ പ്രവർത്തനങ്ങളും സർക്കാർ തലത്തിൽ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിന് ഒരു പഠന-പര്യടന യാത്രയും സമിതി സംഘടിപ്പിക്കുകയുണ്ടായി.

5എ. സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി, ഫണ്ട് വിനിയോഗം തുടങ്ങിയ വിവരങ്ങൾ ആരായുന്നതിനും നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനുമായി 28-11-2011-ൽ കൂടിയ യോഗത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തനം സംബന്ധിച്ച് 13-12-2011-ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. 26-9-2012-ൽ ചേർന്ന സമിതിയോഗത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തി. പ്രസ്തുത യോഗത്തിൽ മത്സ്യഗ്രാമം പദ്ധതി, തീരദേശവികസന കോർപ്പറേഷൻ ഏറ്റെടുത്തു നടത്തുന്ന മറ്റു വികസന പദ്ധതികൾ എന്നിവയെക്കുറിച്ച് സമിതി അവലോകനം നടത്തുകയുണ്ടായി.

6. കരുനാഗപ്പള്ളി താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന സമിതി യോഗത്തിൽ 240 പരാതികൾ ലഭിക്കുകയുണ്ടായി. അവയിൽ മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 142 പരാതികളും സുനാമി പുനരധിവാസപദ്ധതിപ്രകാരം വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് 37 പരാതികളും മറ്റ് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് 61 പരാതികളും ഉൾപ്പെടുന്നു.

7. കൊച്ചി കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേർന്ന യോഗത്തിൽ 3 പരാതികളാണ് ലഭിച്ചത്. നാട്ടിക ഗ്രാമപഞ്ചായത്ത് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ 9 പരാതികളും കാസർഗോഡ് കളക്ടറേറ്റ് ഓഫീസ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ 35 പരാതികളും സമിതിക്ക് ലഭിച്ചു.

8. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ തുടർനടപടിക്കായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് നേരിട്ട് അയച്ചുകൊടുക്കുകയും പ്രസ്തുത അപേക്ഷകളിന്മേൽ കടാശ്വാസ കമ്മീഷൻ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും റിപ്പോർട്ട് വിവരം അപേക്ഷകരെ അറിയിക്കുകയും ചെയ്തു. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളിന്മേൽ ഡിസാസ്റ്റർ മാനേജ്മെന്റ് (ടി.ആർ.പി. സെൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി തീരുമാനപ്രകാരം അപേക്ഷകർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പരാതിയിലെ വിഷയം അടിസ്ഥാനമാക്കി മറ്റു പരാതികൾ മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, ആരോഗ്യ കുടുംബ ക്ഷേമം, പൊതുമരാമത്ത്, ജലവിഭവം, സാമൂഹ്യക്ഷേമം, ഭക്ഷ്യവും പൊതുവിതരണവും എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്ത് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. റിപ്പോർട്ടിനായി അയച്ചിട്ടുള്ളവയിൽ പകുതിയിലേറെ പരാതികളിന്മേലും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും റിപ്പോർട്ട് ലഭിക്കുവാനുണ്ട്.

9. നിലവിലെ സമിതിയുടെ രൂപീകരണ സമയത്ത് ഒരു പരാതി മാത്രമാണ് തീർപ്പുകൽപ്പിക്കാൻ ഉണ്ടായിരുന്നത്. 1-11-2011 മുതൽ 31-3-2013 വരെ 302 പരാതികൾ/നിവേദനങ്ങൾ സമിതിക്ക് ലഭിക്കുകയുണ്ടായി. അവയിൽ 74 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്നവയിൽ ഗവൺമെന്റിൽനിന്ന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

10. നിലവിലെ സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ട് (സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്) 2012 ജൂലൈ 11-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ തുടർനടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസം വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. സമിതിയുടെ ശുപാർശകളിൻമേലായാലും സമിതി ഗവൺമെന്റിലേക്ക് അയയ്ക്കുന്ന പരാതികളിൻമേലായാലും സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാതെ നടപടി നീണ്ടുപോകുമ്പോൾ നീതിയർഹിക്കുന്ന ജനവിഭാഗങ്ങൾക്ക് അത് നിഷേധിക്കുകയാകും ഫലം. പിന്നീടുള്ള പ്രശ്നപരിഹാരം ദുഷ്കരമാകുകയോ ആയതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം കിട്ടാതെ പോകുകയോ ചെയ്യുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികളുടെ വിവിധോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനും സമിതി റിപ്പോർട്ടിന്മേലും പരാതികൾ/നിവേദനങ്ങളിൻമേലും തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനും തുടർനടപടി റിപ്പോർട്ടുകൾ സമയബന്ധിതമായി സമിതിക്ക് ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സമിതി പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

11. സമിതിക്ക് ലഭിച്ച വിവിധ പരാതികളും നിവേദനങ്ങളും പരിശോധിച്ചതിന്റെയും മത്സ്യത്തൊഴിലാളി മേഖലയിൽ സമിതി നടത്തിയ സന്ദർശനങ്ങളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു:

12. രാജ്യത്തിന്റെ സമുദ്രോത്പന്ന കയറ്റുമതിയുടെ ഏകദേശം 81 ശതമാനം സംഭാവന ചെയ്യുന്നത് സമുദ്ര മത്സ്യബന്ധന മേഖലയാണ്. എന്നാൽ അനിയന്ത്രിതമായ മത്സ്യബന്ധനം, മത്സ്യോത്പന്നങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം എന്നിവമൂലം മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മത്സ്യബന്ധന മേഖലയിലെ യാനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതിന്റെ ഫലമായി അനിയന്ത്രിതമായ മത്സ്യബന്ധനം കർശനമായി നിയന്ത്രിക്കുന്നതിനുവേണ്ടി കേരള സമുദ്ര മത്സ്യബന്ധന നയം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നയം അനുശാസിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കാത്തതുമൂലം പ്രതിരോധ നടപടിയായി 1980 മുതൽ മൺസൂൺ കാലത്ത് കർശന ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

13. മത്സ്യത്തൊഴിലാളികളിൽ നിന്ന് 100 രൂപ വീതമുള്ള ആറുമാസത്തെ വിഹിതമായ 600 രൂപയും കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നുള്ള തുകയും ചേർത്ത് 1,800 രൂപയാണ് പഞ്ഞമാസക്കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ ആശ്വാസമായി നൽകുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതിയുടെ വിവിധ ഘടകങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും മുൻകാലങ്ങളിൽ മത്സ്യഭവനുകൾ വഴി വിതരണം ചെയ്തുകൊണ്ടിരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ പഞ്ഞമാസങ്ങളിലുള്ള സമ്പാദ്യ ആശ്വാസ പദ്ധതിപ്പണത്തിന്റെ വിതരണം ബാങ്കുകൾ മുഖേനയാക്കിയത് നിരവധി സങ്കീർണ്ണതകൾക്ക് വഴിതെളിച്ചതായി സമിതി മനസ്സിലാക്കുന്നു. ദേശസാൽകൃത ബാങ്കുകളിൽ അക്കൗണ്ടുകൾ തുറന്നിട്ടുള്ള മത്സ്യത്തൊഴിലാളികൾ ദിനവും ബാങ്കുകൾ കയറിയിറങ്ങി നിരാശരായി മടങ്ങുന്ന സ്ഥിതിയാണ് നിലവിലുള്ളത്. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമാകേണ്ട പഞ്ഞമാസ ആശ്വാസ പദ്ധതിപ്പണവിതരണം സുഗമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമ്പാദ്യ ആശ്വാസ പദ്ധതിപ്പണമായി ഇപ്പോൾ നൽകിവരുന്ന 1,800 രൂപ 3,600 രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. കേരളത്തെ സംബന്ധിച്ചിടത്തോളം മത്സ്യോത്പാദനരംഗം കനത്തഭീഷണി നേരിടുകയാണ്. തീരപ്രദേശങ്ങളിൽനിന്നുള്ള പാരിസ്ഥിതികമാലിന്യം മുഴുവൻ അവസാനം കടലിൽ നിക്ഷേപിക്കപ്പെടാൻ തുടങ്ങിയതോടെ സമുദ്രത്തിനുള്ളിലെ ആവാസ വ്യവസ്ഥ തകിടം മറിഞ്ഞു. ഇത് പല കടൽജീവികൾക്കും ഗുണമേന്മയുള്ള മത്സ്യസമ്പത്തിനും വംശനാശഭീഷണിയുയർത്തുന്നു. മത്സ്യസമ്പത്തിന്റെ നാശം കടലിനെ ആശ്രയിച്ചുകഴിയുന്ന മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാഴ്ത്തുക മാത്രമല്ല നമ്മുടെ സമ്പദ്ഘടനയേയും ദോഷകരമായി ബാധിക്കും. അതിനാൽ പ്രകൃതിദത്ത മത്സ്യസമ്പത്തിന് ദോഷകരമായ കടൽമലിനീകരണം തടയുന്നതിന് ശക്തവും ഫലപ്രദവുമായ നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ആഗോളതാപനം, കടൽജലനിരപ്പുയരൽ, കാലാവസ്ഥാവ്യതിയാനം, കൊടുങ്കാറ്റ് തുടങ്ങിയ പ്രതിഭാസങ്ങൾമൂലമുള്ള പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ഒരു ഭീഷണിയായി വർദ്ധിച്ചുവരികയാണ്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നതിനും

വളരെയേറെ മുൻകരുതലുകൾ ആവശ്യമാണ്. ഇതു സംബന്ധിച്ച് വിശദമായ കാലാവസ്ഥാ പഠനംനടത്തി പ്രകൃതിക്ഷോഭത്തിന്റെ സാധ്യത സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്ന ആധുനിക സാങ്കേതിക ഉപകരണങ്ങൾ സ്ഥാപിക്കുന്നത് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമായിരിക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

16. കടൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും നിലനിൽപ്പിനും ഉപജീവനത്തിനും മത്സ്യസമ്പത്ത് സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. ആയതിനാൽ നിലവിലെ മത്സ്യസമ്പത്ത് പരിരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും കടലിലെ തനതു ആവാസവ്യവസ്ഥയെ ഹാനികരമായി ബാധിക്കുന്നതരത്തിലുള്ള മത്സ്യബന്ധനരീതി തടയണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. മൺസൂൺകാലത്ത് നടക്കുന്ന മത്സ്യപ്രജനനത്തിന് സംരക്ഷണ മേകാനാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്. ട്രോളിംഗ് നിരോധനത്തി നിടയിലും ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്ക് മത്സ്യബന്ധനം അനുവദിക്കുന്നതിനാൽ വളരെയേറെ മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നു. ട്രോളിംഗ്‌വല മാറ്റി പകരം ഒഴുക്കൻവല ഉപയോഗിക്കണമെന്ന നിബന്ധനയോടെയാണ് ഇൻബോർഡ് വള്ളങ്ങൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകുന്നതെങ്കിലും മത്സ്യബന്ധനത്തിനിറങ്ങുന്ന ഭൂരിഭാഗം യാനങ്ങളിലും ട്രോളിംഗ് വലകളാണ് ഉപയോഗിക്കുന്നത്. ട്രോളിംഗ് വലകളുടെ ഇഴയടുപ്പം 35 മില്ലി മീറ്ററിൽ കുറയരു തെന്നാണ് നിയമം. ചെറുമീനുകൾ ഒഴിഞ്ഞുപോകുന്നതിനാണ് ഇഴയടുപ്പം 35 മില്ലി മീറ്ററായി പരിമിതപ്പെടുത്തിയത്. എന്നാൽ നിലവിൽ ഉപയോഗിക്കുന്ന ഭൂരിഭാഗം വലകളുടെയും ഇഴയടുപ്പം 14 മില്ലി മീറ്റർ വരെയാണ്. ഇപ്രകാരം വലിപ്പം കുറഞ്ഞ കണ്ണികളുള്ള വലകൾ ഉപയോഗിക്കുന്നത് വിവിധയിനത്തിൽപ്പെട്ട ചെറുമത്സ്യങ്ങളുടെ സംരക്ഷണത്തിന് ഹാനികരമാകുന്നു. അതിനാൽ ട്രോളിംഗ് നിരോധന കാലത്ത് ഇൻബോർഡ് എഞ്ചിൻ വള്ളങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് കുടിവെള്ളം പണം കൊടുത്താൽ പോലും കിട്ടാത്ത അവസ്ഥയായിത്തീർന്നിരിക്കുന്നു. തീരപ്രദേശങ്ങളിലെ കിണറു കളിലെ വെള്ളത്തിന് ഉപ്പുരസമുള്ളതിനാൽ കുടിവെള്ളത്തിനായി വാട്ടർ അതോറിറ്റിയുടെ പൈപ്പുകളെ ആശ്രയിക്കുമ്പോൾ തുള്ളിവെള്ളംപോലും കിട്ടാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഇക്കാരണത്താൽ തീരദേശവാസികൾ കുടിവെള്ളത്തിനായി ടാങ്കർ ജലത്തെയാണ് ആശ്രയിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്ന വെള്ളം ദിവസങ്ങളോളം സൂക്ഷിക്കേണ്ടിവരുന്നതിനാൽ ഇതിൽ കൊതുകുകൾ പെരുകി പകർച്ചവ്യാധികൾ പടരുന്നു. അതിനാൽ തീരദേശത്തെ കുടിവെള്ളക്ഷാമം, പകർച്ചവ്യാധി വ്യാപനം എന്നിവ തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ആരോഗ്യപരിപാലന രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി ശുചിത്വം, ആരോഗ്യപരിപാലനം, തുടങ്ങിയ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികളെ

ബോധവൽക്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ആശാപ്രവർത്തകരുടെയും ഇതര സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായവും സേവനവും വിനിയോഗിക്കാവുന്നതാണ്. ജനസാന്ദ്രത കൂടുതലുള്ള തീരപ്രദേശങ്ങളിൽ നിലവിലുള്ള ഹെൽത്ത് സെന്ററുകൾക്ക് പ്രത്യേക പരിഗണന നൽകി കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. ആരോഗ്യകേന്ദ്രങ്ങൾക്ക് അനുമതി ലഭിച്ച ചില സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണങ്ങൾ പൂർത്തിയായെങ്കിലും ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമായി കിടക്കുന്നതായും ചിലയിടങ്ങളിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് സൗകര്യംവരെ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും തീരപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നതിന് പല ഡോക്ടർമാരും വിമുഖത പ്രകടിപ്പിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഹെൽത്ത് സെന്ററുകൾ സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം അടിയന്തിരമായി ലഭ്യമാക്കി ആരോഗ്യകേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു. കൂടാതെ തീരപ്രദേശങ്ങളിലെ ആശുപത്രികളിൽ ഡോക്ടർമാർക്ക് നിർബന്ധിത സേവനം ഏർപ്പെടുത്തുകയോ അവർക്ക് പ്രത്യേക ഇൻസെന്റീവ് നൽകുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

21. തീരദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നിടത്ത് സാനിട്ടേഷൻ സൗകര്യം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമിതി ഊന്നിപ്പറയുന്നു. സമിതിയുടെ (2011-14) ഒന്നാമത് റിപ്പോർട്ടിൽ ഇക്കാര്യം സംബന്ധിച്ച സമിതി ശുപാർശകളുണ്ടായിരുന്നെങ്കിലും ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി സംശയിക്കുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് 'എല്ലാവർക്കും സാനിട്ടേഷൻ' എന്നൊരു പ്രോജക്ട് തയ്യാറാക്കി നടപ്പിൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. കൊച്ചിയിലെ വ്യാവസായിക വികസനത്തിന് ഏറ്റവുമധികം വിട്ടുവീഴ്ചകൾ ചെയ്തു കൊടുത്തത് മത്സ്യത്തൊഴിലാളികളാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മാണത്തിനായി പദ്ധതിപ്രദേശത്തുണ്ടായിരുന്ന ഊന്നിക്കുറ്റികൾ മുഴുവൻ നീക്കം ചെയ്തിട്ടും മത്സ്യത്തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതുപോലെ വല്ലാർപാടം നാലുവരിപ്പാതയുടെ നിർമ്മാണത്തിനായി കായൽ നികത്തിയതുമൂലം നീട്ടുവല-ഒഴുക്കുവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്താൻ കഴിയാതെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിൽ പോരായ്മയുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് എറണാകുളം, മുളവുകാട് മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ സമിതി സമർപ്പിച്ച ഹർജിയിൻമേൽ മത്സ്യബന്ധന തുറമുഖ (സി) വകുപ്പ് 12-6-2012-ലെ 10956/സി2/11/മ.തു.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ താൽക്കാലിക മറുപടി ചുവടെ ചേർക്കുന്നു:

"വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിൽ, തൊഴിലുപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവ പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ നഷ്ടപരിഹാരത്തുക 96,19,110 രൂപയാണ്. ഇതിലെ റെയിൽ കണക്റ്റിവിറ്റി നഷ്ടപരിഹാരത്തുകയായ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്ന് ലഭിച്ചത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മദ്ധ്യമേഖലയുടെ) സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ റോഡ് കണക്റ്റിവിറ്റി നഷ്ടപരിഹാരത്തുകയായ 68,76,610 രൂപ നാളിതുവരെ നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര മന്ത്രിക്ക് 29-12-2011-ൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക ഇതുവരെ ലഭ്യമായിട്ടില്ല.

രണ്ടാം ഘട്ടത്തിലെ തുക ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് മുഖേന ഉണ്ടാകുന്ന തൊഴിൽ, തൊഴിലുപകരണങ്ങൾക്കുള്ള നഷ്ടപരിഹാരമാണ്. നഷ്ടപരിഹാരത്തുക 1,09,20,625 രൂപയാണ്. ഈ തുക കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആണ് നൽകേണ്ടത്.

ആയതിനാൽ ഒന്നാം ഘട്ടത്തിലേക്കാവശ്യമായ തുക നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പരമാവധി ശ്രമങ്ങൾ നടത്തുന്നതാണ്. അതിനുശേഷം രണ്ടാം ഘട്ടത്തിനാവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നുള്ള വിവരം അറിയിക്കുന്നു."

22എ. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി, വല്ലാർപാടം നാലുവരിപ്പാതയുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് തൊഴിൽ, തൊഴിലുപകരണങ്ങൾ, ആയത് സൂക്ഷിക്കുന്നതിനുള്ള സൗകര്യം എന്നിവ പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രസ്തുത നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചു തരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിന്ന് ലഭിക്കാനുള്ള മുഴുവൻ നഷ്ടപരിഹാരത്തുകയും അടിയന്തിരമായി ലഭ്യമാക്കി വിതരണം ചെയ്യുവാൻ നടപടി ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ച് അപകടമുണ്ടാകുന്നത് ആവർത്തിക്കപ്പെടുകയും നിത്യവൃത്തിക്ക് ആഴക്കടലിൽ മത്സ്യബന്ധനം നടത്തി ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ അപകടത്തിലാകുകയും ചെയ്യുന്നു. വിദേശക്കപ്പലുകൾ ഇടിച്ചാണ് അപകടങ്ങളിൽ ഏറിയപങ്കും ഉണ്ടാകുന്നത്. അപകടവും ജീവഹാനിയുമുണ്ടാക്കുന്ന വിദേശകപ്പലുകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കേണ്ട ബാധ്യതയുണ്ട്. അന്താരാഷ്ട്ര സമുദ്രാതിർത്തികൾ നിർണ്ണയിക്കുമ്പോൾ കൃത്യമായ ധാരണകളും വ്യക്തതയും ഉണ്ടാകണമെന്നും അവ വേണ്ടവിധം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുകയും വേണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാറിവരുന്ന

സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ കരയിലെന്നപോലെ കടലിലും സുരക്ഷിതമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടത്തി കടൽനിയമങ്ങളിൽ അതിനനുസരണമായ ഭേദഗതികൾ വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

24. സുനാമി ഫണ്ട് വിനിയോഗിച്ച് 2010-ൽ കൊല്ലം ജില്ലയ്ക്കുവേണ്ടി മത്സ്യബന്ധന വകുപ്പ് വാങ്ങിയ സീ റെസ്ക്യൂ ബോട്ട് അപകട ഘട്ടങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു. എന്നാൽ ഒരു വർഷത്തോളമായി എഞ്ചിൻ തകരാറുമൂലം ടി ബോട്ടിന്റെ സേവനം ലഭിക്കുന്നില്ലെന്നും സമീപകാലത്ത് മത്സ്യത്തൊഴിലാളികൾ വെടിയേറ്റു മരിക്കാനിടയായ സംഭവത്തിലും മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ചുണ്ടായ അപകടസമയത്തും ടി ബോട്ട് രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാൻ സാധിച്ചില്ലെന്നും ചൂണ്ടിക്കാട്ടി ആലപ്പാട്, അമ്മ സാംസ്ക്കാരിക സമിതി, സമിതിയുടെ കരുനാഗപ്പള്ളി സന്ദർശനവേളയിൽ സമർപ്പിച്ച പരാതി അടിയന്തിര നടപടിക്കും റിപ്പോർട്ടിനുമായി ബന്ധപ്പെട്ട വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ അടിയന്തിര പ്രാധാന്യമുള്ള ഈ വിഷയത്തിൽപ്പോലും ഗവൺമെന്റ് നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ട സമിതി ഈ വിഷയം ഗൗരവമായി പരിഗണിക്കുകയും വകുപ്പുദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. സമിതിയുടെ ഇടപെടലിനെ തുടർന്ന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുകയും പരാതി പരിഹരിച്ചതായ വിവരം 17-11-2012-ലെ 2790/ബി3/12/മ.തു.വ. നമ്പർ കത്തുപ്രകാരം മത്സ്യബന്ധന വകുപ്പ് സമിതിയെ അറിയിക്കുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനം യഥാസമയം നടത്തുന്നതിനായി സീ റെസ്ക്യൂ ബോട്ടുകൾ സദാസമയവും സജ്ജമാക്കി നിർത്തേണ്ടതാണെന്നും വിവരവിനിമയ സംവിധാനത്തിന്റെ നൂതന സങ്കേതങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

25. ചിലയിടങ്ങളിൽ ഫിഷിംഗ് ഹാർബറുകളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും പുലിമുട്ടുകളുടെയും നിർമ്മാണത്തിലുണ്ടായിരിക്കുന്ന അപാകതകൾ മത്സ്യത്തൊഴിലാളികളെ വലിയൊരളവുവരെ ദോഷകരമായി ബാധിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക കൂടാതെ തൊഴിലിൽ ഏർപ്പെടുന്നതിനുവേണ്ടി അത്തരം നിർമ്മാണങ്ങൾ കണ്ടെത്തി പോരായ്മകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കടലാക്രമണങ്ങളിൽ നിന്ന് തീരദേശവാസികളെ സംരക്ഷിക്കുന്നതിനായി പുലിമുട്ടോടുകൂടിയ കടൽഭിത്തികൾ നിർമ്മിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സാങ്കേതിക വിദഗ്ദ്ധരോടൊപ്പം പ്രായോഗിക പരിജ്ഞാനമുള്ള തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി നിർമ്മാണ പദ്ധതികൾക്ക് രൂപം നൽകണമെന്ന് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു.

26. മത്സ്യത്തൊഴിലാളികളുടെ പേരിൽ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരും കുറവല്ല. ഉയർന്ന ജീവിത നിലവാരം പുലർത്തുന്ന ചിലരും രേഖകളിൽ മത്സ്യത്തൊഴിലാളികളാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന

ക്ഷേമപദ്ധതികളുടെ ആനുകൂല്യം ഇവർ കൃത്യമായി കൈപ്പറ്റുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന വ്യാജ മത്സ്യത്തൊഴിലാളികളെ കണ്ടെത്തി ഇവരെ മത്സ്യത്തൊഴിലാളികളുടെ വിഭാഗത്തിൽനിന്ന് നീക്കം ചെയ്യുന്നതിന് കർശനമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ താമസിച്ച് പഠിക്കുന്ന ഫിഷറീസ് സ്കൂളുകളിൽ പാചകവാതകം ആവശ്യത്തിന് ലഭിക്കുന്നുണ്ടെങ്കിലും കൊമേഴ്സ്യൽ കണക്ഷനായതിനാൽ സിലിണ്ടറിന് 1,000 രൂപ ഈടാക്കുന്നതായും ഇത് സ്കൂൾ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതായും സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിനാൽ ഫിഷറീസ് സ്കൂളുകൾക്ക് നൽകുന്ന പാചകവാതകം ഗാർഹികാവശ്യങ്ങൾക്ക് നൽകുന്നതുപോലെ സബ്സിഡൈസ്ഡ് നിരക്കിൽ നൽകുന്നതിനും ഫിഷറീസ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ കുട്ടികളുടെ എണ്ണവും പ്രാദേശിക ആവശ്യവും കണക്കിലെടുത്ത് നിലവിലുള്ള ഫിഷറീസ് ഹൈസ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. എല്ലാ മത്സ്യത്തൊഴിലാളികളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം മത്സ്യത്തൊഴിലാളി മേഖലയിൽനിന്ന് വ്യാപകമായി ഉയർന്നുവരുന്നുണ്ട്. ഇക്കാര്യം സമിതിയുടെ ഒന്നാമത് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും ഇതു സംബന്ധിച്ച് സർക്കാർ ഭാഗത്തു നിന്ന് നടപടിയൊന്നും സ്വീകരിച്ചതായി അറിയാൻ കഴിഞ്ഞില്ല. ആയതിനാൽ റേഷൻകാർഡിന്റെ അടിസ്ഥാനത്തിലോ മത്സ്യഫെഡിലെയോ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെയോ അംഗത്വ പ്രകാരമോ മറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലോ മത്സ്യത്തൊഴിലാളി കുടുംബങ്ങളായി അംഗീകരിച്ച എല്ലാ കുടുംബങ്ങളെയും ബി.പി.എൽ. കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. പരമ്പരാഗത/ഒ.ബി.എം. ഘടിപ്പിച്ച യാനങ്ങളിലെ മത്സ്യബന്ധന വലകൾക്ക് കടൽമാക്രി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള സർക്കാർ തീരുമാനത്തെ സമിതി സ്വാഗതം ചെയ്യുന്നു (ഗവ. ഉത്തരവ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു). അതോടൊപ്പംതന്നെ ഹോഴ്സ് പവറിന്റെയും മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങളിലെയും മത്സ്യബന്ധന വലകൾക്ക് കടൽമാക്രിയുടെ ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. മത്സ്യബന്ധന മേഖലയിലെ അനുബന്ധ തൊഴിലാളി വിഭാഗത്തിൽപെടുന്ന കക്കാ തൊഴിലാളികൾക്ക് നിരോധനകാലയളവിൽ സൗജന്യറേഷൻ വിതരണം ചെയ്തിരുന്ന പദ്ധതി നിലവിലില്ല എന്ന് മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന്റെ 6-2-2013-ലെ 1885/ബി1/12/മ.തു.വ. നമ്പർ കത്തുപ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി (ഗവ. റിപ്പോർട്ട് അനുബന്ധംII ആയി ചേർത്തിരിക്കുന്നു). ഇക്കാര്യം

പുനഃപരിശോധിക്കണമെന്നും കക്കാ തൊഴിലാളികൾക്ക് നിരോധന കാലയളവിൽ സൗജന്യ റേഷൻവിതരണം ചെയ്യുന്നതിന് തുക വകയിരുത്തണമെന്നും റേഷൻ വിതരണം കാര്യക്ഷമമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

31. മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനും കരയിലെത്തിക്കുന്ന മത്സ്യത്തിന് ന്യായമായ വില ലഭിക്കുവാനുമുള്ള ഒരു സംവിധാനം ഇന്നും നിലവിലില്ല. മധ്യവർത്തികളുടെ ചൂഷണത്തിന് മത്സ്യത്തൊഴിലാളികൾ വിധേയ രാകേണ്ടിവരുന്ന സ്ഥിതിവിശേഷമാണ് ഇന്നും നിലനിൽക്കുന്നത്. ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം മത്സ്യവില കുതിച്ചു കയറുന്നുവെങ്കിലും തദനുസൃതമായ വില തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കൂടാതെ മത്സ്യലഭ്യതയ്ക്കനുസരിച്ച് ഉപഭോക്താക്കൾ ഇല്ലാതെവരുന്ന സാഹചര്യത്തിൽ മത്സ്യത്തിന്റെ ഭൂരിഭാഗവും ചീഞ്ഞുപോകുന്നതി നിടയാകുന്നു. ആയതിനാൽ വിപണനം ചെയ്യാതെ ശേഷിക്കുന്ന മത്സ്യം കേടാകാതെ ഭക്ഷ്യയോഗ്യമായി സൂക്ഷിക്കുന്നതിന് ഫിഷിംഗ് ഹാർബറുകൾ/ഫിഷ് ലാന്റിംഗ് സെന്ററുകൾ/ഫിഷ് മാർക്കറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ/സർക്കാർ ഏജൻസികൾ മുഖേന ഫ്രീസിംഗ് പ്ലാന്റുകൾ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ശരിയായ രീതിയിൽ വിറ്റഴിക്കുന്നതിനും അവയ്ക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുമുള്ള സ്ഥിരം സംവിധാനത്തിന്റെ അഭാവം ഈ മേഖലയിലുള്ള ഒരു പോരായ്മയായി സമിതി ചൂണ്ടിക്കാട്ടുന്നു. ആയതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിനിരയാകാതെ മത്സ്യത്തൊഴിലാളികൾക്ക് ഉയർന്ന വരുമാനം ലഭിക്കുന്നതിന് ഈ മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. മത്സ്യോപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്ത് നഗരപ്രദേശങ്ങളിലും ജനസാന്ദ്രതയേറിയ മറ്റു സ്ഥലങ്ങളിലും കോൾഡ് സ്റ്റോറേജോടുകൂടിയ ഫിഷ് സ്റ്റാളുകൾ കൂടുതലായി ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിലോ ദേശസാൽകൃത ബാങ്കുകളിലോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കണമെന്നും വരുമാനം മിച്ചം പിടിച്ച് ഭാവിയിലേക്കായി കരുതി വയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ട താണെന്നും സമിതി നിർദ്ദേശിക്കുന്നു.

35. മത്സ്യക്കയറ്റുമതിയോടൊപ്പം ഗുണമേന്മയുള്ള സംസ്ക്കരിച്ച ഉണക്കമീൻ, മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ എന്നിവ നിർമ്മിച്ച് കയറ്റുമതി ചെയ്യാവുന്നതാണ്. അതിനാവശ്യമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നത് സ്ത്രീകൾ ഉൾപ്പെടെയുള്ള അനുബന്ധ തൊഴിലാളികൾക്ക് ജോലിസാധ്യതയും സാമ്പത്തിക വർദ്ധനവും ഉറപ്പാക്കും എന്ന് സമിതി അഭിപ്രായപ്പെടുന്നു.

36. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്ന് സമിതിക്ക് ലഭിച്ച പരാതികൾ പരിഗണിച്ച് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്ന അനുബന്ധത്തൊഴിലാളികളെയുംകൂടി ഭവനനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. മത്സ്യത്തൊഴിലാളികളുടെ സൗകര്യം കണക്കിലെടുത്ത് തൊഴിലാളികളുമായി നേരിട്ട് ബന്ധപ്പെടുന്ന ഫിഷറീസ് വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഓഫീസുകൾ കഴിയുന്നത്ര തീരപ്രദേശങ്ങളിൽതന്നെ സ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. തീരദേശ മേഖലയിലും തീരക്കടലിലും വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിലും ജീവിതസുരക്ഷയും ഉറപ്പാക്കുന്നതിനും നിർബന്ധമായും ഊന്നൽ നൽകണമെന്ന് സമിതി പ്രത്യേകം നിർദ്ദേശിക്കുന്നു. മത്സ്യബന്ധനമേഖല നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, ശാസ്ത്രജ്ഞർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡ്, മത്സ്യബന്ധന വകുപ്പ്, മത്സ്യഫെഡ് എന്നിവയുടെ പ്രതിനിധികളും കൂടാതെ ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു ഡെവലപ്മെന്റ് കമ്മിറ്റി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റിയോഗം ചേരുന്നുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

39. മത്സ്യമേഖലയിലേക്ക് സംസ്ഥാന ഖജനാവിൽനിന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചുവരുന്ന സാമ്പത്തിക സഹായത്തിന്റെ വിനിയോഗം യഥാവിധി നടപ്പാക്കാത്തതിനാൽ പലപ്പോഴും ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കാൻ കഴിയാതെവരികയോ ഫണ്ട് പാഴായിപ്പോകുകയോ ചെയ്യുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന്റെ ഗൗരവശ്രദ്ധ പതിയേണ്ടതും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ചുനൽകുന്ന തുക കാലതാമസം കൂടാതെ ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

40. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനും ഗുണഭോക്താക്കളാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പിന്റെ കൂടുതൽ ശ്രദ്ധ അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള വിലപിടിപ്പുള്ള യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടത്ര സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരില്ലാത്തതിനാൽ അവ കേടാകുകയോ ഉപയോഗശൂന്യമായിപ്പോകുകയോ ചെയ്യാറുണ്ട്. ആയതിനാൽ അതാതു വിഷയങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരെ അനുയോജ്യമായ തസ്തികകളിൽ നിയമിക്കണമെന്നും നിലവിലുള്ളവർക്ക് സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

41. ജനങ്ങളുടെ ഭക്ഷണാവശ്യം നിറവേറ്റുന്നതിനൊപ്പം രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്നതിലും നിർദ്ധനരായ മത്സ്യത്തൊഴിലാളികൾ സുപ്രധാനമായ പങ്ക് വഹിക്കുന്നു. കടൽമാർഗ്ഗമുള്ള ഭീകരാക്രമണ സംഭവങ്ങളുടെ വെളിച്ചത്തിൽ തീരദേശ സംരക്ഷണ ചുമതലകൂടി ഏറ്റെടുക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾ പൊതുസമൂഹത്തിന് കനപ്പെട്ട സംഭാവനയാണ് നൽകുന്നത്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമ പദ്ധതികൾ കേവലം ഔദാര്യമായി കരുതാനാവില്ല. മറിച്ച് അത് പൊതുസമൂഹത്തിന്റെ കടമയും മത്സ്യത്തൊഴിലാളികളുടെ ന്യായമായ അവകാശവുമാണ്.

42. ഗവൺമെന്റിൽനിന്ന് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുവെന്ന പ്രഖ്യാപനങ്ങളുണ്ടെങ്കിലും യഥാർത്ഥത്തിൽ മത്സ്യത്തൊഴിലാളികളുടെ കരങ്ങളിലേക്ക് അവ എത്തിച്ചേരുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നിത്യവൃത്തിക്കുവേണ്ടി കടലമ്മയുടെ കനിവുതേടി ഉൾക്കടലിലേക്കിറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ബാധ്യസ്ഥരാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിലുണ്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

ഡൊമിനിക് പ്രസന്റേഷൻ,

*അദ്ധ്യക്ഷൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ*
*തൊഴിലാളികളുടെയും ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.